FACULTY ENHANCEMENT PROGRAMME

Naipunnya®
To reach the unreachable

Date of Event: 19 September, 2025

Faculty-in-Charge: Ms. Gigy Johnson

NAIPUNNYA INSTITUTE OF MANAGEMENT AND INFORMATION TECHNOLOGY
Naipunnya
To reach the unreachable
Pongam, Koratty East
Thrissur District
Kerala-680 308

REPORT

As part of Faculty Enhancement Programme, a session was conducted on 19 September 2025 at the Seminar Hall, Main Block, from 3:15 p.m. to 4:00 p.m. The paper was presented by Ms. Rejitha K. Ravi, Assistant Professor, Department of Additional Languages, on the topic "മാറുന്ന ഭക്ഷണവും സംസ്കാരവും: 'ഒരു സ്വാദുനോട്ടക്കാരന്റെ ഭക്ഷണപര്യവീക്ഷണങ്ങൾ' – വിനു ഏബ്രഹാമിന്റെ നോവലിനെ മുൻനിർത്തിയുള്ള പഠനം". The session had the participation of 63 faculty members from various departments. The presentation focused on culinary narratives, highlighting the relationship between changes in cooking practices and the transformation of culture with reference to the selected literary work, offering cultural and literary insights. The session was interactive, with participants actively engaging through questions and discussions, contributing to a productive academic exchange.

Naipunnya
To reach the unreachable

Prepared by:	Verified by:	Approved by:
Ms. Gigy Johnson	Dr. Sabu Varghese	Rev. Fr. Dr. Paulachan K.J.
FEP Coordinator	Director IT/ HRD Cell	Principal

NAIPUNNYA INSTITUTE OF MANAGEMENT AND INFORMATION TECHNOLOGY
Naipunnya
To reach the unreachable
Pongam, Koratty East
Thrissur District
Kerala-680 308

BROCHURE

Naipunnya®
To reach the unreachable

FACULTY ENHANCEMENT PROGRAMME



Ms. Rejitha K Ravi
Asst. Professor
Department of Additional Languages

Topic : മാറുന്ന ഭക്ഷണവും സംസ്കാരവും : 'ഒരു സ്വാദുനോട്ടക്കാരന്റെ ഭക്ഷണപര്യവേക്ഷണങ്ങൾ': വിനു ഏബ്രഹാമിന്റെ നോവലിനെ മുൻനിർത്തിയുള്ള പഠനം

DATE : 19 SEPTEMBER, 2025
TIME : 03.15-04.00 PM
VENUE : MAIN BLOCK,
SEMINAR HALL

PHOTOGRAPHS



Naipunnya
To reach the unreachable

NAIPUNNYA INSTITUTE OF MANAGEMENT AND INFORMATION TECHNOLOGY
Naipunnya
Pongam, Koratty East
Thrissur District
Kerala-680 308

PARTICIPANTS' LIST



95

Faculty Enhancement Programme

Presenter: Ms Rejitha K Ravi Date: 19 Sep, 2025

Topic: [illegible]

Sl. No.	Faculty Name	Dept	Sign
1.	Sabina Leo	English	[illegible]
2	Megha A	Fashion Designing	[illegible]
3.	Vizi Vijayan	English	[illegible]
4	Alakananda	Fashion Designing	[illegible]
5	Dr. Dinja Chenjan	Commerce	[illegible]
6.	Noble Devassy	Commerce	Noble
7	Neethu Valan	Additional Languages	[illegible]
8	Dr. SONIA S	Additional Languages	[illegible]
9	MARY J ROSE	Additional Language	[illegible]
10	Jissmol Varghese	Commerce	[illegible]
11	ROSELAND PETER	Commerce	[illegible]
12	Cibiny V.P	Commerce	[illegible]
13	Kripa Suresh	Commerce	[illegible]
14	Punker K Vithayathil	Commerce	[illegible]
15	Malanika M R	Commerce	[illegible]
16	Reshma K Bhaskaran	Commerce	[illegible]
17	Shanmughadas K.G.	Commerce	[illegible]
18	Dr. Purnima S Kumar	English	[illegible]
19	Dr. Jenny Antony	Commerce	[illegible]
20	Kavitha Vincent	Commerce	[illegible]
21	Dr. Deepak K.V	Computer Science	[illegible]
22	Anusha S	Computer Science	[illegible]
23	Jesreena Joy	Computer Science	[illegible]
24	Dr. Sam P M	Computer Science	[illegible]
25	Geebis T James	Commerce	[illegible]
26	Haarash Babu	Computer Science	[illegible]
27	Deny P P	Computer Science	[illegible]

NAIPUNNYA INSTITUTE OF MANAGEMENT AND INFORMATION TECHNOLOGY
Naipunnya
To reach the unreachable
Pongam, Koratty East
Thrissur District
Kerala-680 308



96

Sl. No	Faculty Name	Dept.	Sign
28	Aswathi	CS	
29	Liwin P. Wilson	CS	
30	Shiphy Manon	CS	
31	Gugy Johnson	Eng	
32	Sreelakshmi K	Eng	
32	Emil George	English	
33	Dr. Veena Vijaya	English	
34	Annie Sebastian	English	
35	Neetha K.N	H.M	
36	Renita Fernandez	HM	
34	Richi Thomas	HM	Richi
38	Tilvin Sam	HM	
39	ANAND THOMAS	HM	
40	Rahul T.R	H.M	
41	Praveen Antony	HM	
42	Adhila Thomas	H.M.	
43	Vinu Vijay	HM	
44	PRABHAKARAN K.G.	H.M.	
45	Dr. Jose Paulose	Library	
49	Johny P.O	Training	
50	Dr. Antony	MBA	
51	Joseph James	Commerce	
52	Dhanumal C.M.	English	
53	Nayana Paul	H.M	Nayana
54	Jayakrishnan S	CS	
56	Sonia Thomas	H.M	
57	Shajitha T.B	CS	
58	V.R. SITARA	MSW	
59	Reni V Kalayil	MSW	
60	Anita Jaison	"	
61	Anna Diana K.M	CS	
62	Joy Jorge Puthussy	Dean	
63	Sabu Varghese	HRD	

NAIPUNNYA INSTITUTE OF MANAGEMENT AND INFORMATION TECHNOLOGY
Naipunnya
To reach the unreachable
Pongam, Koratty East
Thrissur District
Kerala-680 308

മാറുന്ന ഭക്ഷണവും സംസ്കാരവും:'ഒരു സ്വാദുനോട്ടക്കാരന്റെ ഭക്ഷണ പര്യവേക്ഷണങ്ങൾ':വിന്സ ഏബ്രഹാമിന്റെ നോവലിനെ മുൻനിർത്തിയുള്ള പഠനം

രജിത കെ.രവി.

അസിസ്റ്റന്റ് പ്രൊഫസർ,നൈപുണ്ണ്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് ആൻഡ് ഇൻഫോർമേഷൻ ടെക്നോളജി,പൊങ്ങം & ഗവേഷക,ലിറ്റൽ ഫ്ലവർ കോളേജ്,ഗുരുവായൂർ,കോഴിക്കോട് യൂണിവേഴ്സിറ്റി

പ്രബന്ധസംഗ്രഹം

പ്രകൃതിയെ ആശ്രയിച്ച് പ്രകൃതിയോടിണങ്ങി ജിവിച്ചിരുന്ന, ആഹാരസംസ്കാരം മാറിയിരിക്കുന്ന.പുറംമോടികളുടെ രുചിയും നിറവും മണവും.ഇപ്പോൾ പഴയ തലമുറക്ക് പരിചിതമല്ലാത്ത തിൻമേശയും വിഭവങ്ങളും.പാചകരിതിയുടെ മാറ്റത്തിനനുസരിച്ചുള്ള സാംസ്കാരികമായ മാറ്റങ്ങളും സാധ്യമായിരിക്കുന്നു. മണ്ണിന്റെ തനിമയിൽ നിന്നും മനുഷ്യൻ രൂപപ്പെടുത്തിയെടുത്ത സ്വത്വവും സംസ്കാരവും സാമൂഹിക ജിവിതവും അതിന്റെ മാറ്റവും മാറുന്ന ഭക്ഷണസമ്പ്രദായത്തിലൂടെ വിശകലനം ചെയ്യുകയാണ് പ്രബന്ധലക്ഷ്യം.ഭക്ഷണം പോഷണമായും ഔഷധമായും മാറുന്ന ഭക്ഷണസംസ്കാരത്തിനകത്തു നിന്നും തെന്നിമാറുന്ന ഭക്ഷണരാഷ്ട്രിയ ചിന്തകളെ വിന്സ ഏബ്രഹാമിന്റെ 'ഒരു സ്വാദുനോട്ടക്കാരന്റെ ഭക്ഷണ പര്യവേക്ഷണങ്ങൾ' എന്ന നോവലിനെ മുൻനിർത്തി വിശകലനം ചെയ്യുന്നു. താക്കോൽ വാക്കുകൾ: പങ്കു കശാപ്പ്,പാചകത്രികോണം

ആമുഖം

ഒരു പ്രദേശത്തിന്റെ ഭക്ഷണവും സംസ്കാരവും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു.നമ്മുടെ സാംസ്കാരിക പരിണാമത്തിന്റെ അവിഭാജ്യഘടകമാണ് ഭക്ഷണം.ഒരു ഉപജീവനമാർഗ്ഗം എന്നതിനപ്പുറം സംസ്കാരത്തെ വിനിമയം ചെയ്യുന്ന മാർഗ്ഗം കൂടിയാണ്.ഭക്ഷണം നമ്മുടെ സാംസ്കാരിക സ്വത്വമായി ആഴത്തിൽ വേരുറക്കുന്നതോടൊപ്പം രാഷ്ട്രിയവശവും അടയപ്പെടുത്തുന്നു.നമ്മുടെ ചരിത്രത്തിന്റേയും മൂല്യങ്ങളുടേയും പ്രതിനിധാനമായി ഭക്ഷണം വർത്തിക്കുന്നു.സാഹിത്യത്തിലെ ഭക്ഷണചിഹ്നങ്ങൾ രാഷ്ട്രിയ യാഥാർഥ്യത്തിന്റെ സൂക്ഷ്മതലങ്ങൾ നന്നായി വിന്യസിപ്പിക്കാൻ ഉപയോഗപ്പെടുത്തുന്നു. ജാതിഭേദങ്ങൾ,വരേണ്യത ഇവയൊക്കെ ഭക്ഷണചിത്രീകരണത്തിൽ അദൃശ്യമായി നിലകൊള്ളുന്നു.അദൃശ്യമായ സാംസ്കാരിക രാഷ്ട്രിയമായി ഭക്ഷണം നിലനിന്നുകൊണ്ട് അത് തലമുറകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്ന ജീവിതരീതിയായി മാറുന്നു. ഭക്ഷണത്തിന്റെ രാഷ്ട്രിയവും സാംസ്കാരികവുമായ മാറ്റങ്ങളും, ക്ലോദ് ലെവി-സ്ട്രോസിന്റെ പാചകത്രികോണം എന്ന സിദ്ധാന്തത്തെ മുൻനിർത്തി, വിന്സ ഏബ്രഹാമിന്റെ 'ഒരു സ്വാദുനോട്ടക്കാരന്റെ ഭക്ഷണപര്യവേക്ഷണങ്ങൾ"എന്ന നോവലിനെ പഠിക്കുകയാണ് പ്രബന്ധലക്ഷ്യം.

ഒരു സ്വാദുനോട്ടക്കാരന്റെ ഭക്ഷണ പര്യവേക്ഷണങ്ങൾ:ചിന്തയും രാഷ്ട്രിയവും

ഓർമ്മകൾ കൊണ്ട് പഴയകാല രുചികൾ തിരിച്ചു പിടിക്കുക എന്ന ആശയത്തെ അവതരിപ്പിക്കുന്ന നോവലാണ് വിന്സ ഏബ്രഹാമിന്റെ 'ഒരു സ്വാദുനോട്ടക്കാരന്റെ ഭക്ഷണ പര്യവേക്ഷണങ്ങൾ .'ഒരു സ്വാദുനോട്ടക്കാരന്റെ ഭക്ഷണ പര്യവേക്ഷണങ്ങൾ','അതിഥി ദേവോ ഭവ' എന്നീ രണ്ടു ചെറു നോവലുകളാണ് ഈ പുസ്തകത്തിലുൾപ്പെടുന്നത്. ഫ്രഞ്ച് ഘടനാവാദചിന്തകരിൽ പ്രമുഖനും നരവംശശാസ്ത്രജ്ഞനുമായ ക്ലോദ് ലെവി-സ്ട്രോസ് വികസിപ്പിച്ചെടുത്ത സിദ്ധാന്തമാണ് പാചകത്രികോണം(Culinary Triangle).ഭക്ഷണ പദാർത്ഥങ്ങളുടെ ആഹരിക്കലിനെ അടിസ്ഥാനപ്പെടുത്തി സാംസ്കാരികമായ മാറ്റത്തെ ക്ലോദ് ലെവി-സ്ട്രോസ് വിശകലനം ചെയ്യുന്നു.അതിനായി അദ്ദേഹം ദ്വന്ദ്വങ്ങൾ ഉപയോഗിക്കുന്നു. ഭക്ഷിക്കാവുന്നത്/ഭക്ഷിക്കാൻ കൊള്ളാത്തത് ,സ്വാഭാവികം/പരിവർത്തിതം,പ്രകൃതി/സംസ്കൃതി ഇത്തരത്തിൽ ദ്വന്ദ്വങ്ങൾ കൽപ്പിക്കുന്നു .ആഹാരം മനുഷ്യന്റെ ഭൗതികാവശ്യം മാത്രമല്ല സംസ്കാരരൂപാന്തരണം കൂടിയാണെന്ന ചിന്ത കൈവരുന്നു. പാചകം ചെയ്ത ഭക്ഷണത്തെ ഒരു ത്രികോണരീതിയിൽ അപഗ്രഥിച്ചു കൊണ്ട് ക്ലോദ് ലെവി-സ്ട്രോസിന്റെ പഠനം ശ്രദ്ധേയമാണ്.പ്രകൃതിയിൽ നിന്ന് നേരിട്ട് ലഭിക്കുന്ന ആഹാരവസ്തുക്കളെ പച്ച ,പുളിച്ചത് ,പഴുത്തത് എന്നിങ്ങനെയും പാചകം ചെയ്ത ഭക്ഷണവസ്തുക്കളെ ചുട്ട തിന്നുക,പുഴുങ്ങി തിന്നുക,വറുത്തു തിന്നുക എന്നിങ്ങനെ സാമാന്യമായി വർഗ്ഗീകരിക്കുന്നു.പ്രകൃതിയിൽ നിന്ന് ലഭിക്കുന്നവയെ പാചകം ചെയ്ത് കഴിക്കുന്നതിലേക്കുള്ള വ്യതിയാനങ്ങൾ സാംസ്കാരിക വിശകലനം നടത്തുന്നതിനായി ഉപയോഗിക്കുന്നു.പ്രകൃതിയിൽ നിന്നും ലഭിക്കുന്നവയെ നേരിട്ട് ആഹരിക്കുന്നതിൽ നിന്നും ചുട്ട തിന്നുന്നതിലേക്കെത്തുമ്പോൾ സാംസ്കാരിക ശീലങ്ങളിലേക്കുള്ള മനുഷ്യന്റെ ആദ്യ പ്രവേശനമാകാം.സാങ്കേതിക പുരോഗതിയുടെയും സാംസ്കാരിക രൂപാന്തരങ്ങളുടെയും കാരണമായി ആഹാരവസ്തുക്കളുടെ പാചകരീതി

മാറുന്നു.'ഭോജനമര്യാദകൾ'(Table manners)സാങ്കേതിക പുരോഗതിയുടെ അടയാളം കൂടിയാണ്.പച്ചയിൽ നിന്ന് വറുത്ത ഭക്ഷണമായി മാറുമ്പോൾ ഉയർന്ന നിലയിലേക്ക് സമൂഹം വളർന്നതായി കണക്കാക്കുന്നു.സംസ്കരിക്കപ്പെട്ട ഭക്ഷണങ്ങൾ സാംസ്കാരികമായ വികാസത്തിന്റെ ചിഹ്നങ്ങളാകുന്നു.ഭക്ഷണം വറുത്തതിലേക്ക് എത്തുമ്പോൾ പരിഷ്കൃത സമൂഹത്തിന്റെ അടയാളവും മുന്തിയ ജീവിതസാഹചര്യത്തിന്റെ അടയാളപ്പെടുത്തലുകളുമാകുന്നു.

ഭക്ഷണ സംസ്കാരവും രാഷ്ട്രീയവും –വിനു ഏബ്രഹാമിന്റെ നോവലുകളെ മുൻനിർത്തിയുള്ള പഠനം.

വിനു ഏബ്രഹാമിന്റെ 'ഒരു സ്വാദു നോട്ടക്കാരന്റെ ഭക്ഷണ പര്യവേക്ഷണങ്ങൾ' അതിഥി ദേവോ ഭവ:' എന്നീ രണ്ടു നോവലുകളുടെ പഠനമാണ് പ്രബന്ധം.ബന്ധങ്ങളും ശിഥിലബന്ധങ്ങളും കഥാവിഷയമായിട്ടുള്ള 'ഒരു സ്വാദു നോട്ടക്കാരന്റെ ഭക്ഷണ പര്യവേക്ഷണങ്ങൾ' ചർച്ച ചെയ്യുന്ന ഒരു പ്രധാനാശയമാണ് 'പങ്ക് കശാപ്പ്'.അടുപ്പങ്ങളെക്കാൾ അകൽച്ചകളാണ് ഈ നോവൽ പങ്കു വക്കുന്നത്.ചുട്ടു തിന്നുന്നവരിൽ നിന്ന് സാംസ്കാരികമായി വളർച്ച നേടിയവരിലാണ് സ്നേഹത്തിന്റെ വിള്ളലുകളുള്ളത്. ജീവിതത്തിന്റെ തിരക്കും പണക്കൊഴുപ്പും കൊണ്ട് പങ്കു ചേരലിന്റെ മഹത്വം മനസിലാക്കാത്തവരുടെ സമൂഹത്തെയാണ് നോവലിസ്റ്റ് ചിത്രീകരിക്കുന്നത്.മനുഷ്യത്വമില്ലായ്മയാണ് വിചാരണ ചെയ്യുന്നത്.ദാരിദ്ര്യമെന്ന അവസ്ഥയെക്കാൾ സമ്പന്നതയിലെ ശൂന്യതയാണ് നോവലിൽ വായിക്കപ്പെടുന്നത്.ഉപയോഗത്തേക്കാൾ ഉൽപാദനത്തിന് പ്രാധാന്യം നൽകുന്ന വ്യവസായിക സമൂഹത്തിനകത്തു ബന്ധങ്ങൾക്ക് മൂല്യം നഷ്ടപ്പെടുന്നു.മുതലാളിത്ത സമൂഹത്തിലെ അന്യവൽക്കരണം നോവലിൽ വിഷയമാകുന്നു. മനുഷ്യമനസ്സിൽ സൂക്ഷിച്ചു വച്ചിട്ടുള്ള ചില പങ്കു ചേരലുകളെ മുതലാളിത്ത സമൂഹം ഇല്ലാതാക്കുന്നുണ്ട്.

മനുഷ്യനെ മനുഷ്യനാക്കുന്ന ആദിമ ജീവിതരീതികളിൽ നിന്ന് അകലാൻ സ്വാധീനം ചെലുത്തുന്ന അൽപത്തരങ്ങളും കലഹങ്ങളുമാണ് വർത്തമാനകാലജീവിതം.കുടുംബ മഹിമയുടെയും ആഭിജാത്യ ചിന്തകളുടെയും കാലം കടന്നു പോയത് ചില മനുഷ്യരിൽ മാത്രമൊതുങ്ങുകയും അധികം പേരിലും നിലനിൽക്കുകയും ചെയ്യുന്നു. വിദേശസംസ്കാരത്തിന്റെ അകം കാഴ്ചകളിൽ നിന്ന് അകന്നു പോന്ന കൊച്ചുമ്മച്ചൻ എന്ന മനുഷ്യന് സ്വന്തം നാട്ടിലെ ലാഭനഷ്ടങ്ങളുടെ കണക്കെടുക്കുന്നവരുടെ,സ്വന്തക്കാരുടെ മുന്നിൽ നിസ്സഹായനായി പരാജയം ഏറ്റു വാങ്ങേണ്ടി വരുന്നുണ്ട്.

നോവൽ തുടങ്ങുന്നത് കൊച്ചുമ്മച്ചന് ഒരു സ്വപ്നം വെളിപാട് പോലെ ഉണ്ടായതിൽ നിന്നാണ്.സ്വന്തം പുരയിടത്തിൽ തന്നെ ഒരൊഴിഞ്ഞ കോണിൽ ഒരു കത്തി ഉപയോഗിച്ച് ഒരു കാളയുടെ എല്ലുകളിൽ നിന്ന് ഇറച്ചി വാർന്നെടുത്ത് ആ കാളയുടെ തൊലിയിൽ തന്നെ വിതാനിച്ചിരിക്കുന്നതാണ്.'പങ്ക് കശാപ്പ് എന്ന പരിപാടിയെക്കുറിച്ചാണ് തന്റെ സ്വപ്നമെന്ന്

കൊച്ചുമ്മച്ചന് വ്യക്തമായി.'പങ്ക്','കശാപ്പ് ഈ രണ്ട് പദങ്ങളുടെയും അർത്ഥവ്യാപ്തി അന്വേഷിക്കുമ്പോൾ ഒരു വശത്ത് പരസ്പരം തർക്കങ്ങളില്ലാതെ കൊടുക്കുന്ന കാശിന് കണക്ക് പറയാതെ തേക്കിന്റെ ഇലയിൽ ഇറച്ചി പൊതിഞ്ഞ് പരസ്പരം പങ്കു വയ്ക്കുന്ന.മറുവശത്ത് ഏറെ ആസ്വാദ്യമായി വരച്ച കാട്ടുന്ന മനുഷ്യന്റെ മൃഗീയ വാസന കൂടി വ്യക്തമാക്കുന്നു.മൃഗത്തെ കൊന്ന് അതിന്റെ ഇറച്ചി ഉതിർത്തിയെടുത്ത് അതിന്റെ തോലിൽ തന്നെ വിതാനിച്ചിരിക്കുന്നതിനെപ്പറ്റിയുള്ള പരാമർശം നോവൽ വ്യക്തമാക്കുന്നുണ്ട്.ഭക്ഷണം നമ്മുടെ സംസ്കാരത്തിന്റെ അനിവാര്യഘടകം എന്നതുപോലെ പങ്കിടലിന്റെയും പാചകത്തിന്റെ ആനന്ദത്തിന്റെയും കൂടി ഭാഗമാകുന്നു.

അവിടെ കൊല്ലുകയെന്നതിനപ്പുറം അതിൽ ഒരു മൃഗീയവാസന കൈവരുന്ന സാമൂഹികാന്തരീക്ഷത്തിലേക്ക് നാം മാറുകയാണ്.പ്രവാസജീവിതത്തിന്റെ മടുപ്പിൽ നിന്നും നല്ല ആറ്റുമീനും നാടൻ പോത്തിറച്ചിയുമൊക്കെ കൂട്ടി ചോറുണ്ട് സ്വസ്ഥമായി കഴിയുക എന്ന ആഗ്രഹവുമായി നാട്ടിലേക്ക് തിരിച്ചെത്തുന്ന ഒരാൾക്ക് കേരളത്തിന്റെ മാറ്റത്തെ തിരിച്ചറിയുമ്പോൾ വേദനിക്കേണ്ടി വരുന്നു.പാകം ചെയ്യാത്ത ഇറച്ചി എന്ന വസ്തുവിനെ വർണ്ണിക്കുന്നത് പോലും സ്വാദേറിയ ഭക്ഷണപദാർത്ഥമെന്ന പോലെ തന്നെയാണ്. പഴത്തുവന്ന മുന്തിരിങ്ങയുടെ മാതിരിയുള്ള ഇറച്ചിയുടെ നിറം,പൊതിഞ്ഞെടുക്കുന്ന തേക്കിലയുടെ മണം ഇങ്ങനെ പോകുന്ന വർണ്ണന,നിറം കൊണ്ടും മണം കൊണ്ടും സ്വാദേറിയ ഒരു വിഭവമായി ആ പച്ചയിറച്ചി മാറുകയാണ്.

പഴയ പങ്കു കശാപ്പിന്റെ ഒത്തുചേരലിൽ നിന്ന് കേറ്ററിംഗ് പാർട്ടിക്കാർ ഉണ്ടാക്കിയ പാതി വെന്ത ഫ്രൈഡ് റൈസും ചിക്കൻ കറിയും കഴിച്ച് എത്രയും വേഗം പരിപാടികൾ കഴിഞ്ഞു പിരിഞ്ഞു പോകുന്ന രീതിയിൽ സമൂഹം മാറിക്കഴിഞ്ഞു. അവിടെ ഒന്നിച്ച ചേരലിന്റെയും പങ്കിടലിന്റെയും സ്വാദ് മനുഷ്യൻ മറന്നു പോകുന്നു.ഭക്ഷണം പാകം ചെയ്യുന്നതിൽ നിന്നും കച്ചവടമായി പാകം ചെയ്യുമ്പോൾ ഭക്ഷണം രൂപപ്പെടുന്ന രീതി മാറുന്നു.

തനിമയോടെ രൂപമെടുക്കുന്ന ആഹാരം, കൃത്രിമത്തത്തിന്റെയും 'തനിനാടൻ' എന്ന് പറഞ്ഞു പരസ്യപ്പെടുത്തുന്നതിന്റെയും രൂപമാറ്റമാകുന്നു.ഭക്ഷണവും അതിന്റെ രുചിയും ഉപയോഗിക്കുന്ന സമയവും ഉൾപ്പെടുന്ന മലയാളി ഭക്ഷണശീലങ്ങൾ നോവലിനെ ബന്ധപ്പെടുത്തി വായിക്കാവുന്നതാണ്.രുചിയുള്ള ഭക്ഷണം സമയമെടുത്തു ആസ്വദിച്ചു കഴിക്കാനുള്ള അവസരങ്ങൾ മലയാളി ജീവിതത്തിൽ നഷ്ടപ്പെടുന്നതിനെക്കുറിച്ച് നോവലിസ്റ്റ് ചിന്തക്ക് വിഷയമാക്കുന്നുണ്ട്.

തോരന്റെയും മെഴുക്കുപുരട്ടിയുടെയും നാടൻ കോഴിയിറച്ചിയുടെയും മൂരിയിറച്ചിയുടേയുമൊക്കെ സ്വാദ് നാവിൽ തങ്ങി നിന്നിരുന്ന മലയാളിയുടെ ഭക്ഷണശീലങ്ങൾ ഇൻസ്റ്റന്റ് മസാലകളും കോൾഡ് സ്റ്റോറേജ് ബ്രോയിലർ ഇറച്ചിയും ന്യൂഡിൽസും ബ്രഡ് നോസും ഒക്കെയായി

മാറിപ്പോയിരിക്കുന്നു.പഴയ രുചികൾ ഇല്ലാതെ ആകുന്നത്തിന്റെ വ്യാകുലതകൾ നോവലിന്റെ ഉള്ളടക്കത്തിലുണ്ട്. ഇപ്പോൾ കിട്ടുന്ന രുചികൾ, ഒന്നും നോക്കാതെ വിഴുങ്ങുന്ന മലയാളിക്ക് 'പഴയ രുചികൾ ഇല്ലാതായാൽ പ്രശ്നമില്ലല്ലോ'എന്ന സ്വയം ബോധ്യത്തിലേക്ക് ഓരോ മലയാളിയും മാറിയിരിക്കുന്നു.ഓരോ വ്യക്തിയിലും പതിഞ്ഞു കിടക്കുന്ന രുചികൾ അയാളുടെ തന്നെ അടയാളങ്ങളാണ്.അത് മറ്റ് സംസ്കാരങ്ങളുടെ സ്വാധീനം കൊണ്ട് മാറ്റുന്ന സാഹചര്യം രൂപമെടുത്തിരിക്കുന്നു.രുചിയോർമ്മകൾ ഉപേക്ഷിക്കാത്തവർ സമൂഹത്തിൽ നിന്ന് തിരസ്കൃതരാകുന്നു.പുതിയ ജീവിത ക്രമത്തിന് വിധേയപ്പെടുന്നവരും വിധേയപ്പെടാൻ കഴിയാത്തവരുമായി സമൂഹം വിഭജിക്കപ്പെടുന്നു. 'പങ്ക് കശാപ്പ് 'എന്ന ആശയത്തെ ഒപ്പത്തിലുള്ളവരുമായുള്ള പങ്കു വയ്ക്കലായി സമൂഹം തിരുത്തുകയാണ്. അവിടെ ജാതിയുടെയും മതത്തിന്റെയും സാമ്പത്തിക വ്യത്യാസത്തിന്റെയും അടിസ്ഥാനത്തിൽ പങ്കു വയ്ക്കുക എന്ന അവസ്ഥ വന്നിരിക്കുന്നു.

കൊച്ചുമ്മച്ചൻ പങ്കു കശാപ്പ് നടത്തുവാൻ തീരുമാനിക്കുന്നത് ജാതിയിൽ താഴ്ന്നവരോടും സാമ്പത്തികമായി താഴ്ന്നവരോടും കൂടെയാണ്.അതിൽ അയാളുടെ സഹോദരങ്ങൾ എതിർപ്പ് പ്രകടിപ്പിക്കുന്നു.ഭക്ഷണവും ജാതിവ്യത്തിരിക്തതയും ബന്ധപ്പെട്ടു നിൽക്കുന്ന യാഥാർത്ഥ്യം നോവൽ വ്യക്തമാക്കുന്നു. കുട്ടായ്മയുടെ സ്വാദിന് പകരം ഭിന്നിപ്പിന്റെയും കലഹത്തിന്റെയും കയ്പ് നിറഞ്ഞ അന്തരീക്ഷം പങ്ക് കശാപ്പിൽ വന്നു ചേരുന്നു.ഒന്നു ചേരലിൽ നിന്നും ഭിന്നിപ്പിലേക്കെത്തുമ്പോൾ അരുചികൾ നിറയുന്നു. ശോഷിച്ചു പോകുന്ന കലാരൂപങ്ങൾ പോലെ കാലത്തിനു ചേരാത്ത മനുഷ്യരുമുണ്ടാകുന്നു.അത്തരം മനുഷ്യർ പഴയ രുചികളും ശീലങ്ങളും സന്തോഷങ്ങളും ഇല്ലാതാകുന്നതിനെയോർത്ത് വ്യാകുലപ്പെടുന്നവരാണ്. ആയുസ്സും ആരോഗ്യവും ലക്ഷ്യം വച്ചുള്ള ജീവിതപുരോഗതി,കൃത്രിമത്തം നിറഞ്ഞ പുത്തൻ ശീലങ്ങളിലൂടെ സന്തോഷം കണ്ടെത്തുന്ന പുതു സമൂഹം രൂപപ്പെട്ടിരിക്കുന്നു. തിളങ്ങുന്ന കുപ്പികളിലും പാത്രങ്ങളിലും നിറക്കുന്ന കൃത്രിമ ഗന്ധവും രുചിയും നാടൻ രുചിക്കും ഗന്ധത്തിനും അതിലൂടെ പങ്കു വക്കലിനും തടസം നിൽക്കുന്നു.

അതിഥി ദേവോ ഭവ:

പാശ്ചാത്യാധിശത്വവും അമേരിക്കൻ ആധിപത്യവും കേരളസമൂഹത്തിൽ സ്വാധീനം ചെലുത്തിയതിന്റെ ഫലമായി നമ്മുടെ മാറിയ ഭക്ഷണസംസ്കാരത്തിന്റെ പുതിയ മുഖം വെളിപ്പെടുത്തുന്ന കൃതിയാണ് 'അതിഥി ദേവോ ഭവ:'.നോവലിൽ പറയുന്ന പൊടുന്നനെ ഉണ്ടാകുന്ന ശീതക്കാറ്റ് അതിനെത്തുടർന്നുള്ള കൊടും ശൈത്യം എഴുത്തുകാരന് എഴുതുവാനുള്ള പ്രേരണ നൽകി.രാജ്യത്തിന്റെ പ്രധാനമന്ത്രിയുടെ വിവേകപൂർണ്ണമായ പ്രസംഗമെന്ന നിലയിൽ പത്രങ്ങൾ ഘോഷിക്കുന്ന ഒരു പ്രധാന വാർത്ത.ഭക്ഷണ ചന്തയിലെ പുതിയ പുതിയ വിഭവങ്ങൾ ഉപയോഗിക്കുവാൻ മടി കാണിക്കുന്നവർക്ക് മാത്രമേ ദാരിദ്ര്യം ഉള്ളുവെന്നും

ഉപയോഗിക്കാൻ താല്പര്യമുണ്ടെങ്കിൽ അതിനുള്ള വഴി താനേ തുറക്കുമെന്നും അദ്ദേഹം പറഞ്ഞതായി മാധ്യമങ്ങൾ അറിയിക്കുന്നു.സാധാരണക്കാരനെ സംബന്ധിച്ച് ചെറിയ ഭക്ഷണപിടികകൾ എന്നന്നേക്കുമായി അടഞ്ഞിരിക്കുന്നുവെന്നത് വലിയൊരാഘാതമായിരുന്നു.

പിന്നീടുള്ള വാർത്ത പൈപ്പുവെള്ളം ശുദ്ധജലമല്ലെന്നും അതിന്റെ ആരോഗ്യകരമായ വശങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യുന്നു.വെള്ളത്തിന് പകരം എന്ത് എന്നതിന് 'കോള' എന്നായിരുന്നു നിലപാട്."ഇനി ജീവജലമില്ല.ജീവകോള മാത്രം.കോള കുടിക്കൂ ജീവൻ നിലനിർത്തൂ. ജീവിതം ആസ്വദിക്കൂ."അതിന്റെ പ്രചാരത്തിനായി വർണ്ണാഭമായ പരസ്യങ്ങൾ പടർന്നു പിടിച്ചു.വെള്ളം കുടിക്കുക എന്നത് മോശപ്പെട്ട സാമൂഹികരീതിയായി മാറി.പ്രകൃതിദത്തമായി ലഭിക്കുന്നതിനെ കൃത്രിമത്വത്തിലൂടെ രൂപമാറ്റം വരുത്തി, മനുഷ്യന്റെ രുചിചിന്തകളിൽ മാറ്റം വരുത്തുവാൻ ഉപഭോഗസംസ്കാരത്തിന് സാധിക്കുന്നു.പൈപ്പുവെള്ളത്തിനു ഒരിക്കൽ രുചിയനുഭവപ്പെട്ട നോവലിലെ നായകന് കോള കുടിക്കുന്നതിൽ നിന്ന് മാറ്റം ആഗ്രഹിക്കുകയും മണ്ണിന്റെ ഉറവയുടെ സ്വാദ് വഹിക്കുന്ന പൈപ്പ് വെള്ളത്തെ ഇഷ്ടപ്പെടുകയും ചെയ്തു.കുത്തക കമ്പനികളുടെ വിപണന സാധ്യതകൾ ശക്തമായി.ഭൂരിപക്ഷം ജനങ്ങളും കോള ഇഷ്ടപ്പെടാൻ തുടങ്ങി.പതിയെ സാധാരണക്കാരായവരും സ്വയം ഒരാനന്ദത്തിന്റേയും അഭിമാനത്തിന്റേയും ഭാഗമായി കൊളപാനീയത്തെ ഭക്ഷണത്തിനൊപ്പം പ്രാധാന്യമുള്ളതാക്കി.നമ്മുടെ എല്ലാ ഉത്സവങ്ങളും പരിപാടികളും കോള കമ്പനി ഏറ്റെടുത്തു നടത്തിത്തുടങ്ങി. വെള്ളത്തിന് പകരം രണ്ട് പടിഞ്ഞാറൻ കോളകളിലൊന്ന് എന്ന അവസ്ഥയിലെത്തിയത് രാജ്യത്തിന്റെ പരിഷ്കാരത്തിന്റേയും വളർച്ചയുടേയും ഭാഗമായി. മഹാനഗരങ്ങൾ ഉത്സവലഹരിയിലകപ്പെടുമ്പോൾ വറ്റിയ പൈപ്പുവെള്ളത്തെക്കുറിച്ച് ആരും ഓർക്കുന്നില്ല.കോള കുടിച്ച് ആനന്ദിക്കുന്ന ജനത്തിന് വെള്ളം വറ്റിയിരിക്കുന്നതിനെക്കുറിച്ച് ആശങ്കയില്ല.

പുതു തലമുറക്ക് വെള്ളം അരുചിയായി തോന്നുകയും നാം സ്വയം പടിഞ്ഞാറൻ കാറ്റിനും തിരമാലകൾക്കും രുചിക്കും ഗന്ധത്തിനും നമ്മുടെ ശരീരത്തെ പണയം വക്കുകയും ചെയ്തിരിക്കുന്നു. സ്വാദിഷ്ടമായ ഭക്ഷണത്തോടൊപ്പം വെള്ളത്തിന് പകരം കോളയും ഉപയോഗിക്കുന്നു. "യുദ്ധാക്കളികളും രുചികരമായ ഒരു കടിക്കൊപ്പം ഹരം പിടിപ്പിക്കുന്ന മിസൈൽ ആക്രമണം,അത്താഴത്തിനൊപ്പം ചൂടൻ പോരാട്ടങ്ങൾ" ഇത്തരം പരസ്യവാചകങ്ങൾ,പങ്കുവക്കലിന്റേതായ രുചിയും സ്നേഹവും നിറഞ്ഞ ഭക്ഷണസംസ്കാരം മൃഗീയതയുടേയും സ്വാർത്ഥതയുടേയും ഭക്ഷണസംസ്കാരത്തിലേക്ക് ലോകജനത മാറുന്നുവെന്ന് ഈ ചെറു നോവലുകൾ സാക്ഷ്യപ്പെടുത്തുന്നു.

ഉപസംഹാരം

ജീവജാലങ്ങളുടെ പ്രഥമവും പ്രധാനവുമായ ആവശ്യമാണ് ഭക്ഷണം.കാലാവസ്ഥയും ഭൂമിയുടെ വൈവിധ്യവും കാർഷിക സംസ്കാരത്തിന് വഴി തെളിച്ചു.കൃഷി ചെയ്യാൻ യോഗ്യരായവരേയും അയോഗ്യരായവരേയും അക്ഷരാഭ്യാസമില്ലാത്ത കാലത്തു പോലും തിരിച്ചറിഞ്ഞു.മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധം പത്തൊൻപതാം നൂറ്റാണ്ടിന്റെ ഉത്തരാർധത്തോടെ മെല്ലെ അകലാൻ തുടങ്ങി. വിനു ഏബ്രഹാമിന്റെ 'ഒരു സ്വാദുനോട്ടക്കാരന്റെ ഭക്ഷണ പര്യവേക്ഷണങ്ങൾ' എന്ന നോവൽ ഭക്ഷണവും ഭക്ഷണരീതിയും മാറുന്നതിനനുസരിച്ച് നമ്മുടെ സംസ്കാരം പടിഞ്ഞാറൻ സംസ്കാരത്തിന് വിധേയപ്പെടുന്നതും ഭക്ഷണം കഴിക്കുന്നതിലൂടെ നാം നേടുന്ന ആനന്ദവും സ്നേഹവും പങ്കുവയ്ക്കലും സ്വാർത്ഥതയുടെയും മൃഗവാസനയുടെയും രൂപമാറ്റത്തിലേക്ക് എത്തിപ്പെടുന്നതും ചർച്ച ചെയ്യുന്നു. പങ്ക് ,കശാപ്പ് എന്നീ പദങ്ങൾ ചേർന്ന് രൂപപ്പെടുന്ന 'പങ്ക്കശാപ്പ് ഒരു സാംസ്കാരികമായ മാറ്റമാണ്.മനുഷ്യജീവിതശൈലിയും ഭക്ഷണ ബന്ധവും ചേർന്നാണ് സാംസ്കാരികബന്ധം വളർത്തുന്നത്.ആ ബന്ധത്തിന്റെ മൂല്യം നഷ്ടപ്പെടുന്നതിനനുസരിച്ച് അപകടകരമാം വിധമുള്ള ഈ മാറ്റം സമൂഹത്തെ മോശാവസ്ഥയിലേക്ക് എത്തിക്കുന്നു.

ഗ്രന്ഥസൂചി

1.ഭാസ്കരനുണ്ണി,പി.പത്തൊമ്പതാം നൂറ്റാണ്ടിലെ കേരളം;2022;കേരള സാഹിത്യ അക്കാദമി.

2.ഏബ്രഹാം വിനു;ഒരു സ്വാദുനോട്ടക്കാരന്റെ ഭക്ഷണപര്യവേക്ഷണങ്ങൾ;2018;ചിന്ത പബ്ലിക്കേഷൻസ്.

3.ഹരികുമാർ ,എം.കെ.;സാഹിത്യത്തിൻറെ നവാദ്വൈതം;2018;ഗ്രീൻ ബുക്ക്സ്.

4.രവീന്ദ്രൻ പി.പി.ഡോ.;സംസ്കാരപഠനം ഒരാമുഖം;നാഷണൽ ബുക്ക് സ്റ്റാൾ.

5.രവി വർമ്മ കെ.ടി.;പണ്ടത്തെ മലയാളക്കര;2008;കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

6.കേരളത്തിലെ ഭക്ഷണസംസ്കാരം https://www.kerala.gov.in

NAIPUNNYA INSTITUTE OF MANAGEMENT AND INFORMATION TECHNOLOGY
Naipunnya
To reach the unreachable
Pongam, Koratty East
Thrissur District
Kerala-680 308